മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

# ഓർത്തഡോക്സ് യുവജനം

ത്രൈമാസിക

വാല്യം 15
ലക്കം 02





Ἡ ΜΕΤΑΜΟΡΦΩϹΙϹ
Ὁ ὬΝ
ΔΕΗϹΙϹ
ΔΕΗϹΙϹ
ἈΝΔΡΗϹ Κ ἭΡΑϹ ἈΛΕΞΑΝΔΡΟΥ
ΓΟΝΕΩΝ ἈΔΕΛΦΩΝ
ΕἸϹ ΜΝΗΜΗΝ ΤΟΥ

# ഓർത്തഡോക്സ് യുവജനം
## ത്രൈമാസിക


വിലാസം : ഓർത്തഡോക്സ് യുവജനം
സെന്റ് തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയ സെമിനാരി റോഡ്, ചുങ്കം, കോട്ടയം - 1
ഫോൺ : 0481 2583997
E--mail : orthodoxyuvajanam1936@gmail.com
facebook : Orthodox Christian Youth Movement Official





## പത്രാധിപ സമിതി


| | |
|---|---|
| പ്രസിഡന്റ് | ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത |
| വൈസ് പ്രസിഡന്റ് | ഫാ. ഷിജി കോശി, കറ്റാനം |
| ജനറൽ സെക്രട്ടറി | ഫാ. വിജു ഏലിയാസ് |
| ട്രഷറർ | പേൾ കണ്ണേത്ത് |
| ചീഫ് എഡിറ്റർ | ഫാ. ലൂക്ക് ബാബു (യൂഥിക) |
| ബോർഡ് അംഗങ്ങൾ | റ്റിബിൻ ചാക്കോ, തേവർവേലിൽ<br>ബിബിൻ ബാബു, കരുവാറ്റ |


## ഉൾതാളുകളിലൂടെ....


പ്രസിഡന്റ് തിരുമേനിയുടെ സന്ദേശം................................02
ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത

മുഖമൊഴി................................04
യൂഥിക

ജനറൽ സെക്രട്ടറിയിൽ നിന്നും................................05
ഫാ. വിജു ഏലിയാസ്

ലേഖനം................................06
**വചനം ജീവിതമാക്കിയ അമ്മ**
ഷിജിയച്ചൻ കറ്റാനം

ലേഖനം................................07
**സംഗീതത്തിന്റെ ദിവ്യമാധുരി**
ഫാ. അബ്രഹാം ജേക്കബ് (സുജി അച്ചൻ, കൊട്ടാരക്കര)

ലേഖനം................................09
**മുന്നോട്ടു പോകാൻ മൂന്നു പാഠങ്ങൾ**
ബിജു വി.പന്തപ്ലാവ്

സുറിയാനി പദപരിചയം................................12
ഫാ. ലാസറസ് തോമസ്

ദൈവാലയ പരിചയം................................13
**കടമ്പനാട് പള്ളി**
റ്റിബിൻ ചാക്കോ

യുവതീപംക്തി................................14
**സ്വാതന്ത്ര്യത്തിന്റെ വിവിധ മാനങ്ങൾ**
അനില എൽസ തോമസ്

ഓർത്തഡോക്സ് യുവജനം ത്രൈമാസിക
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

# വി. കന്യമറിയാം

## "ആരുമുയർത്തപ്പെട്ടില്ലിതുപോലതിനാൽ സ്പഷ്ടം മറിയാമേപ്പോലാരും താഴ്ത്തപ്പെട്ടിട്ടില്ല."



### പ്രസിഡന്റ് തിരുമേനിയുടെ സന്ദേശം

**ഡോ. ഗീവർഗ്ഗീസ് യൂലിയോസ് മെത്രാപ്പോലീത്ത**

പരിശുദ്ധ സഭ കന്യകമറിയാമിനെ ദൈവമാതാവ് എന്നു വിളിക്കുന്നു. എല്ലാ മാലാഖമാരുടെയും പരി ശുദ്ധരുടെയും രാജ്ഞിയായും കർത്താവായ യേശുമശിഹായുടെ അടുത്ത് എല്ലാവരെക്കാൾ അപേക്ഷാ സ്വാതന്ത്ര്യമുള്ളവളായും കന്യകമറിയാമിനെ പരിശുദ്ധ സഭ വാഴ്ത്തുന്നു. പിതാവാം ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവളും, രണ്ടാം ഹവ്വായായി തീർന്നവളും എല്ലാ മനുഷ്യരിലും വച്ച് ഭാഗ്യ വതി എന്ന് സഭ വാഴ്ത്തപ്പെടുന്നവളുമാണ് വി. കന്യകമറിയാം. നമ്മുടെ സഭയിൽ ഏറ്റവും കൂടുതൽ ദേവാലയങ്ങൾ പരിശുദ്ധ മാതാവിന്റെ നാമത്തിൽ ആണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. മാതാവിനോടുള്ള വചനിപ്പിന്റെ പെരുന്നാൾ, മാതാവിന്റെ പുകഴ്ചപ്പെരുന്നാൾ, വിത്തുകൾക്കു വേണ്ടിയുള്ള പെരുന്നാൾ, കതിരുകൾക്കുവേണ്ടിയുള്ള പെരുന്നാൾ, മാതാവിന്റെ ജനനപ്പെരുന്നാൾ, മാതാവിന്റെ വാങ്ങിപ്പു പെരു ന്നാൾ ഇങ്ങനെ വിവിധ പെരുന്നാളുകളിൽ മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നു. ബുധൻ - ഒരു ദിവസം പ്രത്യേകമായി മാതാവിനെ ഓർക്കാനായി മാറ്റിവച്ചിരിക്കുന്നു. കൂടാതെ നമ്മുടെ ആരാധന യിൽ എല്ലാ യാമപ്രാർത്ഥനകളിലും ശുശ്രൂഷകളിലുമെല്ലാം മാതാവിന് പ്ര ത്യേക സ്ഥാനം കൊടുത്തിരി ക്കുന്നു. കൂടാതെ മാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും ആരാധനയുടെ ഒരു ഭാഗമാണ്. പരിശുദ്ധ ന്മാരുടെയും നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും രാജ്ഞിയായിട്ടാണ് പിതാക്കന്മാർ കന്യകമറിയത്തിനെ ചിത്രീകരിച്ചിരിക്കുന്നത്.

കന്യകമറിയം ദൈവഹിതത്തിന് തന്റെ ജീവിതത്തെ സമർപ്പിച്ചപ്പോൾ ലോകത്തെതന്നെ മാറ്റിമറിക്കു വാൻ സാധിച്ചു. 'ദൈവപുത്രന് ജന്മം ന ൽകുക എന്ന പ്രത്യേക ലക്ഷ്യത്തിനുവേണ്ടി തന്നെത്തന്നെ ദൈവകരങ്ങളിൽ സമർപ്പിക്കുന്നു.' ദൈവം ലോകത്തെ സ്നേഹിച്ചത് തന്റെ പുത്രനെ ലോകത്തിലേക്കു അയച്ചാണ്. 'ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന് ലോകത്തി ലേക്ക് അയച്ചു എന്നുള്ളതിനാൽ ദൈവത്തിന് നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി.' (1 യോഹ. 4:9) 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (വി. യോഹ. 3:16).' പിതാ വായ ദൈവം തന്റെ ഏകജാതനായ പുത്രനെ ലോകത്തിനു സമർപ്പിച്ച് പാപത്തിന്റെ പിടിയിൽ അമർന്ന് ദൈവതേജസ്സ് നഷ്ടപ്പെടുത്തിയ മനുഷ്യനെ വീണ്ടെടുക്കുക എന്ന പ്രത്യേക ലക്ഷ്യത്തോടുകൂടി ആയി രുന്നു. കന്യകമറിയാം ദൈവഹിതത്തിന് തന്നെത്തന്നെ താഴ്ത്തി ദൈവത്തോടുള്ള സ്നേഹത്തിന്റെ തീവ്രത വെളിവാക്കുന്നു.' ഇതാ ഞാൻ കർത്താവിന്റെ ദാസി. നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ (വി. ലൂക്കോ. 1:38). ദൈവരാജ്യത്തിന്റെ കെട്ടുപ ണിക്കായി നമുക്കുള്ളതിനെ ദൈവത്തിന് സമർപ്പിക്കു വാനും ദൈവസ്നേഹം പങ്കുവെക്കുവാനും നമുക്കു കഴിയണം.

ദൈവഹിതപൂർത്തീകരണത്തിന് സമർപ്പിച്ച കന്യകമറിയാമിന് ലഭിച്ച ഏറ്റവും വലിയ അംഗീകാരം "കൃപ നിറഞ്ഞവളേ നിനക്കു സമാധാനം'. സമാധാനസന്ദേശം സ്വീകരിച്ച കന്യകമറിയാമിനെ അന്നു മുതൽ തേടിയെത്തിയത് കഷ്ടതകളും പ്രയാസങ്ങളും ആയിരുന്നു. കന്യകമറിയാം സഹിച്ചതുപേ ാലെ ഈ ലോകത്തിൽ ഒരു അമ്മയും അന ുഭവിക്കാത്ത തരത്തിലുള്ള വേദനയും ന ിന്ദയും പരിഹാസവു മാണ് കന്യകമറിയാം അനുഭവിച്ചത്. വിവാഹത്തിന് മുമ്പ് ഗർഭി ണിയാവുക അതിലൂടെ അനുഭവിച്ച മാന സിക പിരിമുറുക്കങ്ങളും പരിഹാസങ്ങളും, ഗർഭിണിയായി ഇരിക്കുമ്പോൾ ബേത്‌ലേ ഹമിലേക്കുള്ള യാത്ര. ചോരക്കുഞ്ഞുമായി മിസ്രയീമിലേക്കും മിസ്രയീമിൽ നിന്ന് നസ്രേത്തിലേക്കും ഓടിപ്പോകുന്നു. തനിക്കും തന്റെ കുടുംബത്തിനും ആശ്വാസമായിത്തീരും എന്നു കരുതിയ മകൻ സാമൂഹ്യസേവനത്തിനിറങ്ങുകയും അവസാനം അവഹേളിക്കപ്പെട്ട്, പ രിഹാസപാത്രമാക്കപ്പെട്ട് ക്രൂശിൽ കിടന്ന് പിടഞ്ഞ് മരിക്കുകയും ചെയ്യു ന്നത് ന

ിസ്സഹായതയോടെ കണ്ടുനിൽക്കുക. ഇവയെല്ലാം പരാധിയോ, പിറുപിറുപ്പോ കൂടാതെ ദൈവ കൃപയിൽ ആശ്രയിച്ച് ക്ഷമയോടെ സഹിക്കുകയായിരുന്നു കന്യകമറിയം.

ക്രിസ്തീയ ജീവിതം എന്നു പറയുന്നത് ക്രൂശ് ആണ്. കഷ്ടതകൾ ഇല്ല. പ്രയാസം ഇല്ല എന്നു പറയു ന്നിടത്ത് ക്രിസ്തു ഇല്ല. നമ്മുടെ ജീവിതത്തിലും കഷ്ടതകളും പ്രയാസങ്ങളും ഉണ്ടാകുമ്പോൾ ദൈവഹിതം ആണെന്ന് മനസ്സിലാക്കി നമ്മെത്തന്നെ ദൈവഹിതത്തിന് സമർപ്പിക്കുവാൻ നമുക്ക് കഴിയണം. മാതാവും ഇതെല്ലാം സഹിച്ചത് ദൈവഹിതത്തിന് വിധേയപ്പെട്ടതുകൊണ്ടാണ്. അങ്ങനെ സ്വയം ശൂന്യമാക്കുന്ന അവസ്ഥയാണ് മാതാവിൽ നമുക്ക് ദർശിക്കുവാൻ സാധിക്കുന്നത്. ദൈവഹിതം തന്നിൽ പൂർത്തീ കരിക്കുവാനായി തന്റെ ആഗ്രഹങ്ങളെയെല്ലാം ബലികഴിക്കുന്ന മറിയാം. 'ഗോതമ്പുമണി നിലത്തു വീണ് ചാവുന്നില്ല എങ്കിൽ അത് തനിയെ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവുണ്ടാകും'(വി. യോഹ. 12:24) എന്ന ദൈവവചനത്തിന്റെ പൂർണ്ണതയാണ് മാതാവിൽ കാണുന്നത്. കർത്താവിന്റെ ജന്മാവതാരത്തിലും ക്രൂശാരോഹണത്തിലും മനുഷ്യരാശിയുടെ വീണ്ടെടുപ്പിനായി യേശുക്രിസ്തു സ്വയത്തെ ബലിനൽകുന്നു. പരിശുദ്ധനായ പൗലോസ് ശ്ലീഹാ പറയുന്നു, "നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശു ദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പീൻ (റോമർ 12:12). നമ്മുടെ വ്യക്തിജീവിത ത്തിലും, കുടുംബജീവിതത്തിലും, സാമൂഹ്യജീവിതത്തിലും ഈ ശൂന്യമാക്കപ്പെടുന്ന അനുഭവം ഉണ്ടാകുമ്പോൾ നമുക്കും ദൈവഹിതത്തിന് വിധേയപ്പെട്ട് നമ്മെത്തന്നെ ദൈവ സന്നിധിയിൽ സമർപ്പിക്കാം.



ആഗോള സമ്പദ്‌വ്യവസ്ഥ വിഭാവനം ചെയ്യുന്ന ആഡംബര സംസ്കാരത്തിന്റെയും, സുഖലോലുപതയുടെയും മായാവലയത്തിൽ ആകൃഷ്ടരായി ജീവിതത്തിന്റെ അർത്ഥവും ഉദ്ദേശവും നാം നഷ്ടപ്പെടുത്തരുത്. പിന്നെയോ ദൈവസ്നേഹത്താൽ നിറഞ്ഞ് ഈ ലോകത്തിലെ കഷ്ടതകൾ ഏറ്റെടുത്ത് ദൈവഹിതത്തിന്റെ പൂർത്തീകരണത്തിന് പരിശുദ്ധ മാതാവിനെപ്പോലെ നമ്മെത്തന്നെ സമർപ്പിക്കുവാൻ നമുക്കു സാധിക്കട്ടെ. 'ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ.' ക്രിസ്തുവിനെ യഥാർത്ഥമായി പിൻപറ്റുന്ന വിശ്വാസിക്കുണ്ടാകേണ്ട സമർപ്പണം ആദ്യം തന്റെ ജീവിതത്തിലുടനീളം പ്രകാശിപ്പിച്ച വ്യക്തിയാണ് വി. കന്യകമറിയാം. ഒന്നുമില്ലാത്തവരുടെ വഴിയെ ആശ്വാസത്തിന്റെ സുവിശേഷവുമായി നടന്നുനീങ്ങിയ എല്ലാമായവന്റെ അമ്മയും ഹൃദയത്തിലൂടെ കടന്നുപോയ വാളിന്റെ വേദന ഉയർപ്പിന്റെ പ്രത്യാശയിലേക്ക് സമർപ്പിച്ചവളും, ലോകത്തിലെ ഏതു പ്രശ്നങ്ങൾക്കും പരിഹാരമായ ക്രിസ്തുവിന്റെ സ്നേഹത്തെ യാഥാർത്ഥ്യമാക്കുവാൻ സകല സഹനവും ഏറ്റെടുത്ത് അവനെ നൊന്തുപ്രസവിച്ച് വളർത്തിയവളുമാണ് വി. കന്യകമറിയാം. അപ്രകാരം ഒരു യഥാർത്ഥ ക്രിസ്ത്യാനി, വിശ്വാസി എന്തായിരിക്കണമോ, എങ്ങനെയായിരിക്കണമോ അതായിത്തീർന്നവളാണ് വി. കന്യകമറിയാം. വി. കന്യകമറിയാം അമ്മയുടെ പ്രാർത്ഥന നമുക്കേവർക്കും കാവലും കോട്ടയുമായിരിക്കട്ടെ.

# EDITORIAL



*‘നിന്റെ വാക്കു പോലെ എനിക്ക് ഭവിക്കട്ടെ’ എന്ന വിധേയപ്പെടലിലൂടെ മനുഷ്യ പുത്രന്റെ പിറവിയ്ക്ക് വഴിയൊരുക്കിയ പരിശുദ്ധ കന്യക മറിയം. മനുഷ്യ നിരൂപണങ്ങളെക്കാൾ ദൈവീക ദർശനത്തിന് നിശബ്ദമായി കന്യകമറിയാം വിനയപ്പെടുന്നുണ്ട്. കർമ്മത്താൽ ജന്മത്തെ ശ്രേഷ്ഠമാക്കിയ പരിശുദ്ധ അമ്മ, വ്യവസ്ഥയ്ക്ക് അതീതമായ വിനയത്തിന്റെ നേർസാക്ഷ്യം ഉള്ള ജീവിതം നമുക്ക് കാട്ടിത്തരുന്നു. പരിശുദ്ധ അമ്മയുടെ വാങ്ങിപ്പിന്റെ ദിവ്യസ്മരണ അനുഗൃഹപ്രദമാവട്ടെ ...*

*ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് ഇരുപത്തിയേഴാണ്ടു പൂർത്തിയാകുന്നു. സ്വതന്ത്ര രാജ്യമെന്ന നിലയിൽ എല്ലാതലത്തിലും ജനജീവിതം സ്വാതന്ത്ര്യമനുഭവിക്കുന്ന ഭൂമി എന്ന സ്വപ്നം ഇന്നും പൂർണമാക്കപ്പെട്ടിട്ടുണ്ടോ എന്നത് സംശയാസ്പ്രദമാണ്. മത വിദ്വേഷവും വർഗീയ ചിന്തകളും മനുഷ്യത്തത്തെയെ ജീർണതയിലാക്കുന്നു. അത് മതേത്വരത്തത്തിന്റെയും ജനാധിപത്യത്തിന്റെയും മുകളിലെ ഡമോക്ലീസിന്റെ ഖഡ്ഗം (the sword of Damocles) പോലെ നിൽക്കുന്നു, അത് കാലികവുമാണ്. സ്വാതന്ത്ര ഭാരതത്തിന് ഇന്ന് അനിവാര്യം മനുഷ്യ സൗഹാർദ്ദം തന്നെയാണ്. അത് സ്വതന്ത്ര ഭാരതത്തിന്റെ സംസ്കൃതിയുടെ ധാർമിക മൂല്യവർദ്ധനവിന് ഇടയാവട്ടെ ....*

*മാനവന്റെ ഹൃദയങ്ങളിൽ മനുഷ്യത്വം എന്ന വികാരം മരിച്ചിട്ടില്ല എന്നത് വയനാട് നമ്മെ ഓർമ്മപ്പെടുത്തുന്നു... ജീവൻ നിലനിർത്തുന്ന ജലം, ജീവൻ ഹനിക്കുന്ന സംഹാര രൂപിയായി മാറ്റപ്പെട്ടതിന്റെ നേർക്കാഴ്ച്ചയാണ് വയനാട്ടിൽ നാം കണ്ടത്. ഉരുൾപൊട്ടൽ ഉള്ളു പൊട്ടുന്ന കാഴ്ചയായി, മനുഷ്യ ഹൃദയങ്ങളെ നൊമ്പരപ്പെടുത്തി. മതവും ജാതിയും വർഗവും വർണവുമില്ല ... മനുഷ്യനും അവന്റെ മനുഷ്യത്വവുമായിരുന്നു സഹായ - സംരക്ഷണ ഹസ്തമായി തീർന്നത്. ജലകേളിയുടെ കോമരം തുള്ളലിൽ മനുഷ്യ ജീവനെ സംരക്ഷിക്കാൻ കൂടെ നിന്ന എല്ലാവർക്കും എല്ലാ സംവിധാനങ്ങൾക്കും ആദരവ്, ഇഹലോവാസം വെടിഞ്ഞ സഹോദരങ്ങൾക്ക് പ്രാർത്ഥനാഞ്ജലികൾ സമർപ്പിക്കുന്നു ....*

*സ്നേഹപൂർവം,*
***ഫാ. ലൂക്ക് ബാബു (യൂഥിക)***
*ചീഫ് എഡിറ്റർ*



## ജനറൽ സെക്രട്ടറിയിൽ നിന്നും....

ഫാ. വിജു ഏലിയാസ്

# സത്യം-സ്വാതന്ത്ര്യം-സമാധാനം


ഓഗസ്റ്റ് മാസം ഇന്ത്യൻ ഓർത്തഡോക്സ് സഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട മാസമാണ്. പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളും ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ വാർഷികവും സമ്മേളിക്കുന്ന സുന്ദര മുഹൂർത്തം. സഭയുടെ എല്ലാ ദേവാലയങ്ങളിലും വി.കുർബ്ബാന അർപ്പിക്കുകയും, വി.തമ്പുരാനെപ്പെറ്റ അമ്മയുടെ മധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും ചെയ്യുന്നു. അതോടൊപ്പം തന്നെ മഹത്തായ ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തെയും അതിനു വേണ്ടി ജീവാർപ്പണം ചെയ്തവരെയും അനുസ്മരിക്കുകയും കൊളോണിയൽ ആധിപത്യത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്കും, ജനാധിപത്യത്തിലേക്കും ഇന്ത്യ ഉയർത്തെഴുന്നേറ്റതിനെ കുറിച്ചുള്ള പ്രബോധനങ്ങളും, ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുകയും ദേശീയ പതാക ഉയർത്തി നാട്ടുകയും ഒക്കെ ചെയ്യുമ്പോൾ ഭാരത മണ്ണിനോടും ഭാരതീയ സാംസ്കാരിക തനിമയോടും ഭാരതീയ സത്യവിശ്വാസികളുടെ സമൂഹം എത്രമാത്രം ചേർന്നു നിൽക്കുന്നു എന്നതിന്റെ ഉണർത്തുപാട്ടായി ഇതിനെ ദർശിക്കാവുന്നതാണ്.

സത്യദൈവത്തിന്റെ മനുഷ്യാവകാശത്തിനു വിശ്വസ്തതയോടെ പാതയൊരുക്കിയ വി.കന്യക മറിയത്തിന്റെ പ്രതിബദ്ധത മാനവ സമൂഹത്തിന്റെ സ്വാതന്ത്ര്യത്തിനും, വിമോചനത്തിനും ദൈവീക സമാധാനത്തിനും മുഖാന്തിരമായിത്തീർന്നു.

വൈദേശിക ആധിപത്യത്തിന്റെ പാരതന്ത്രത്തിൽ ഉഴന്നിരുന്ന നമ്മുടെ രാജ്യം അഹിംസയിൽ അധിഷ്ഠിതമായ പോരാട്ടത്തിലൂടെ സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെ അനുഭവത്തിലേക്ക് പ്രവേശിച്ചു. യഥാർത്ഥത്തിൽ ഈ മാസം കെട്ടുകൾ പൊട്ടുന്ന, ചങ്ങലകൾ ഛേദിക്കപ്പെടുന്ന, സ്വാതന്ത്ര്യത്തിന്റെയും, സമത്വത്തിന്റേയും സാഹോദര്യത്തിന്റെയും, സ്വർഗ്ഗീയ സമാധാനത്തിന്റെയും അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന ദിന രാത്രങ്ങളായി പരിണമിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഓഗസ്റ്റ് 15 സ്നേഹസാഹോദര്യ ജ്വാല നമ്മുടെ എല്ലാ യൂണിറ്റുകളും സംഘടിക്കണം. ശൂനോയോ നോമ്പ് ഓഗസ്റ്റ് 1 മുതൽ 15 വരെ എല്ലാ അംഗങ്ങളും അനുഷ്ഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം.**

## അഭയ ഭവൻ വയോജന കേന്ദ്രം, കുന്നംകുളം



കുന്നംകുളത്തിന്റെ പിതാക്കന്മാരും പരിശുദ്ധ സഭയുടെ പരമാധ്യക്ഷന്മാരും ആയിരുന്ന അഭിവന്ദ്യ ജോസഫ് മാർ ദീവന്നാസിയോസ് പുലിക്കോട്ടിൽ തിരുമേനിമാരുടെയും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെയും സ്മരണാർത്ഥം **അഭയ ഭവൻ** എന്ന നാമത്തിൽ വയോജന കേന്ദ്രം കുന്നംകുളം ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ സമാരംഭിക്കുകയാണ്.

കുന്നംകുളത്തിന് സമീപമുള്ള കോട്ടപ്പടിയിൽ ഉണ്ടായിരുന്ന വൃദ്ധസദനത്തെ പുനരുജ്ജീവിപ്പിച്ച് കൂടുതൽ സൗകര്യങ്ങളോടെ പ്രവർത്തിക്കുക എന്നതാണ് അഭയഭവന്റെ ഉദ്ദേശ്യം.

നമ്മുടെ സഭയ്ക്കും പ്രത്യേകിച്ച് ഭദ്രാസനത്തിനും നല്ല സാക്ഷ്യമായി തീരുന്നതിനും വാർദ്ധക്യത്തിന്റെ വേദനയിൽ ഒറ്റപ്പെട്ടിരിക്കുന്നവർക്ക് അഭയമാകുവാനും അഭയഭവന് സാധ്യമായി തീരും എന്നതിന് സംശയമില്ല. ആഗസ്റ്റ് മാസം 11-ാം തീയതി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായും ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് തിരുമേനിയും സംയുക്തമായി അഭയ ഭവൻ കൂദാശ നടത്തുകയും, തുടർന്നുള്ള പൊതു സമ്മേളനം കേരളത്തിന്റെ ആരോഗ്യ മന്ത്രി ശ്രീ.വീണാ ജോർജ് നിർവഹിക്കയും ചെയ്യും. അഭയ ഭവന്റെ ഡയറക്ടറായി ഫാ. ഗീവർഗീസ് കെ.പി. (ഷിജു. കെ.പി ) പ്രവർത്തിക്കുന്നു. ✆ : +91 96053 75910

# വചനം ജീവിതമാക്കിയ ഒരമ്മ



**ഷിജിയച്ചൻ, കറ്റാനം** (വൈസ് പ്രസിഡന്റ്)

വചനം മാംസമാകുന്നതിന് പിതാവായ ദൈവം തിരഞ്ഞെടുത്ത നസ്രത്തിലെ കന്യകയാണ് മറിയം. ദൈവപുത്രനായ യേശുക്രിസ്തുവിന് ജന്മം നൽകിയതോടെ അവൾ ദൈവമാതാവെന്ന പദവിയിലേക്ക് ഉയർത്തപ്പെട്ടു. നിത്യകന്യകയും ദൈവമാതാവുമായ മറിയം തന്റെ പുത്രന്റെ പരസ്യ ജീവിതത്തിലുടനീളം നിഴൽപോലെ അവനെ അനുഗമിച്ചു. പൂർണ്ണ ശിഷ്യത്വത്തിന്റെ മാതൃകയാണ് മറിയം. ഒരിക്കൽ തന്റെ അമ്മയും ബന്ധുക്കളും കാണാൻ വന്നപ്പോൾ "ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരൻ മാത്രം" (വി.ലൂക്കോ: 8:21). ദൈവവചനം പാലിച്ച് ജീവിച്ചവരിൽ അഗ്രഗണിയാണ് മറിയം. മംഗളവാർത്തയിൽ "ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" എന്ന് പറഞ്ഞുകൊണ്ട് അവൾ ദൈവഹിതത്തിന് തല കുനിച്ചു. വരുംവരായ്മകൾ നോക്കാതെയുള്ള സമർപ്പണമായിരുന്നത്. ദൈവവചനം ഹൃദയത്തിൽ നിരന്തരം ധ്യാനിച്ച് കൊണ്ടിരുന്ന മറിയത്തിന്, വചനത്തിന് വേണ്ടി സഹനങ്ങൾ ഏറ്റെടുക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. തന്റെ ഹൃദയത്തിലൂടെ കടക്കുന്ന വാൾ അവളെ നിരാശപ്പെടുത്തിയില്ല.

ഇരുതല വാളിനേക്കാൾ മൂർച്ചയേറിയ തിരുവചനത്തെ അധരത്തിലും ഹൃദയത്തിലും ജീവിതത്തിലും നയിക്കാനായി എന്നതാണ് അവളുടെ വിജയരഹസ്യം. അതുകൊണ്ട് തന്നെയാണ് അവളുടെ സ്തോത്രഗീതംപോലും നമ്മെയെല്ലാം സ്വാധീനിക്കുന്നത്. വൈകാരിക വേലിയേറ്റത്തിൽ രൂപപ്പെട്ട വിവർത്തനമായി അവളുടെ സ്തോത്രഗീതം വിലയിരുത്തരുത്. കാരണം പഴയ നിയമ ഗ്രന്ഥങ്ങൾ, പ്രത്യേകിച്ച് ദാവിദ്. ദാവിദിന്റെ സങ്കീർത്തനങ്ങൾ വായിച്ച് ഹൃദയത്തിൽ സ്വന്തമാക്കിയതിന്റെ തെളിവും പ്രതിഫലനവും അതാണ് അവളുടെ സ്തുതി ഗീതം. ഇന്ന് നമ്മുക്ക് കൈമോശം വന്നിരിക്കന്നത് മറിയത്തെപ്പോലെ വചനദർശനം സ്വന്തമാക്കുന്നവരുടെ എണ്ണ സംഖ്യയാണ്. അതുകൊണ്ട് തന്നെ ബാബേൽ ഗോപുര നിർമ്മാണ സംസ്കൃതിക്കൊരു ജീവിതശൈലി രൂപപ്പെടുന്നുണ്ടിവിടെ. വചനാധിഷ്ഠിത ജീവിതം നയിക്കുകയെന്നാൽ വചനം പ്രസംഗിച്ച് നടക്കുക മാത്രമാണെന്ന് കരുതരുത്.




അതിനപ്പുറം "കർത്താവ് നിനക്ക് കഷ്ടത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളം തന്നില്ല. നിന്റെ പദേഷ്ടാവ് നിന്നെ മറഞ്ഞിരിക്കുകയില്ല (യെശയ്യ. 30:20) എന്ന ശുദാപ്തി വിശ്വാസത്തതോട് കുരിശുകളെ പ്രണയിച്ചുകൊണ്ട് അമ്മയേപ്പോലെ പുത്തൻ സഞ്ചാരപഥത്തിലേക്ക് മുന്നേറാൻ നമ്മുക്കും സാധിക്കട്ടെ.



## മലങ്കര ഓർത്തഡോക്സ് സഭ നിലയ്ക്കൽ ഭദ്രാസന സെക്രട്ടറിയായി റവ. ഫാ. സോബിൻ സാമുവേൽ തെരഞ്ഞെടുക്കപ്പെട്ടു.

നിലയ്ക്കൽ ഭദ്രാസന യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റായി സേവനം അനുഷ്ഠിക്കുന്ന അച്ചൻ, കനകപ്പലം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയാണ് മാതൃ ഇടവക.തലയിണത്തടം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരിയായി സേവനമനുഷ്ഠിക്കുന്നു. പ്രാർത്ഥനാശംസകൾ...



# സംഗീതത്തിന്റെ ദിവ്യമാധുരി

ഫാ. അബ്രഹാം ജേക്കബ് (സുജി അച്ചൻ, കൊട്ടാരക്കര)



ശബ്ദമില്ലാത്ത ഒരു ലോകം എന്തൊരു ഭീകരമായ ചിന്തയാണ് അല്ലേ?. പിതാവാം ദൈവത്തിന്റെ ശബ്ദമായ ലോഗോസ് എന്ന യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹാഭിവാദ്യങ്ങൾ.

ശബ്ദമില്ലാത്ത ലോകം. സംഗീതാത്മകമല്ലാത്ത ലോകം വന്യമായ ഒന്നാണ്. ശ്മശാന മൂകത എന്ന പദം ഒക്കെ അതിൽ നിന്ന് ഉരുത്തിരിഞ്ഞതാകാം.

ആരംഭത്തിൽ പാഴായും ശൂന്യമായും ഇരുന്ന ഭൂമിയിൽ ദൈവത്തിന്റെ ആത്മാവ് പരിവർത്തിച്ച ആ ആന്ദോളനത്തിൽ, ആ താളക്രമത്തിന്റെ അകമ്പടിയിൽ, ആദ്യം കേട്ട പിതാവാം ദൈവത്തിന്റെ സംഗീതം ആയിരുന്നു 'ഉണ്ടാകട്ടെ' എന്ന ശബ്ദം.

ശബ്ദത്തിന് സഞ്ചരിക്കുവാൻ മാധ്യമം ആവശ്യമാണെന്നിരിക്കെ ശൂന്യമായും, പാഴായും, ഇരുന്ന ഉലകത്തിൽ ആദ്യം കേട്ട ശബ്ദം (അക്ഷര സഞ്ചയം) സൃഷ്ടിക്ക് നിദാനമായി. കാലാന്തരത്തിൽ ദൈവീക സംഗീതം (ദൈവശബ്ദം) പ്രവാചകന്മാരിലൂടെയും

ന്യായാധിപന്മാരിലൂടയും രാജാക്കന്മാരിലൂടെയും ദൂതന്മാരിലൂടെയും കൈമാറ്റം ചെയ്യപ്പെട്ട് മറിയത്തിന്റെ കാതിൽ ഗബ്രിയേൽ മൊഴിഞ്ഞ ഷ്പോൾ മറിയം കേട്ട ദൈവവചനം അവളിലൂടെ ക്രിസ്തുവെന്ന, രക്ഷയെന്ന, പൈതലായി മാറി. നാം ജനനപെരുന്നാളിൽ പാടുന്നതുപോലെ, 'കാതതിലൂടുൾ പൂകി ബാലിക തന്നിൽ വചനം വാണു'.ഏത്രതരം സംഗീതമാണ് ദൈവം ഈ പ്രപഞ്ചത്തിൽ സൃഷ്ടിച്ച് അതിമനോ ഹരമാക്കിയിരിക്കുന്നത്. പക്ഷികളുടെ കളകള നാദവും, നദീപ്രവാഹത്തിന്റെ ശബ്ദവും ഭൂമിയെ വിസ്മയനീയമായ ഒന്നാക്കി തീർത്തിരിക്കുന്നു.

സംഗീതത്തിന് അനേകം ദിവ്യ ഗുണങ്ങൾ ഉണ്ട്. വിശുദ്ധ വേദപുസ്തകത്തിലെ കാവ്യാത്മകമായ സംഗീത ആവി ഷ്കാരങ്ങളാണ് സങ്കീർത്തനങ്ങൾ. അനേകം വാദ്യോപ കരണങ്ങളെ കുറിച്ചും വിശുദ്ധ വേദപുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്. മനുഷ്യമനസ്സിനെ ദൈവ സന്നിധിയിലേക്ക് ഉയർത്തുവാനും അവന്റെ ഉള്ളിൽ സ്തുതിയും, സ്തോത്രവും, വിജയങ്ങളും, നന്ദി അർപ്പണവും, പരാജയഭീതിയും, ആകുലതകളും, അനുതാപവും, നിറഞ്ഞു വരുമ്പോൾ അവന്റെ ഹൃദയം അതിനോട് പ്രതികരിച്ചിരുന്നത് കാവ്യ രൂപങ്ങളിലാണ്. വിശുദ്ധ വേദപുസ്തകത്തിൽ സംഗീതത്തെക്കുറിച്ച് പരാമർശിച്ചിരിക്കുന്ന ഏറ്റവും മനോഹാരിതയുള്ള ഭാഗം.

അശുദ്ധാത്മാവ് ബാധിച്ചവനായ ശൗൽ രാജാവ് ദാവീദിന്റെ കിന്നരത്തിന്റെ നാദം ശ്രവിച്ചപ്പോൾ അവനിൽ കുടി കൊണ്ടിരുന്ന അശുദ്ധാത്മാവ് മാറുകയും പരിശുദ്ധാ ത്മാവിനാൽ നിറയുകയും ചെയ്തു.സംഗീതത്തിന് രോഗത്തെ സൗഖ്യമാക്കുവാനും മഴപെയ്യിക്കുവാനും മനസ്സ് ശാന്തമാക്കുവാനും ഒക്കെ കഴിവുള്ളതായി സംഗീത ശാസ്ത്ര ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ നമ്മുടെ ആരാധനയിലും സംഗീതത്തിന് അദ്വി തീയമായ സ്ഥാനമുണ്ട്. കൊത്തിനെ ഞായറാഴ്ചയിലെ സന്ധ്യാ പ്രാർത്ഥനയുടെ സെദറായിൽ നാം പ്രാർത്ഥിക്കു ന്നത് പോലെ 'പാട്ടും നൃത്തവുമായി കഴിച്ചിരുന്ന കല്യാണ മണ്ഡപത്തിലെ ആരവം സ്തുതിയും സ്തോത്രവുമായി

ഭേദപ്പെട്ടു'. 'ആരവങ്ങൾ' എന്നാൽ 'ഡിസ്ഹാർമണിക്കാണ്', (എകീകരണ സ്വഭാവമില്ലാ ത്തത്. അഥവാ ക്രമമല്ലാത്തത്) കാനാവിലെ കല്യാണത്തിലെ ക്രമരാഹിത്യത്തെ സ്തുതിയും സ്തോത്രവുമായി ക്രമീകരി ക്കുന്നവനായ കർത്താവിനെ നമുക്ക് കാണാം. 'സ്തുതിയും സ്തോത്രവും' എന്നാൽ ദൈവ സാന്നിധ്യബോധം ഉണ്ടാകുമ്പോൾ അന്തരാത്മാവിൽ നിന്ന് വരുന്നതാണ്. സംഗീത ശാസ്ത്ര പ്രവേശി കയിൽ ഡോ. എസ് വെങ്കട സുബ്രഹ്മണ്യയ്യർ പറയുന്നതുപോലെ 'പശുർവ്വേത്തി ശിശുർവ്വേത്തി വേത്തി ഗാനരസം ഫണീ' (മൃഗവും ശിശുവും സർപ്പവും സംഗീത രസമറിയുന്നു).

ഒരു ജനതയുടെ സംസ്കാരത്തിൽ സംഗീതത്തിന് സുപ്രധാന മായ സ്ഥാനം പണ്ഡിതർ കൽപ്പിച്ചു നൽകിയിട്ടുണ്ട്. സംഗീത ത്തിന്റെ നിലവാരം എത്ര ഉയർന്നിരിക്കുന്നുവോ അത്ര ഉയർന്നതായിരിക്കും ആ ജനതയുടെ സംസ്കാരവും. സംഗീത ആസ്വാദനത്തിന് ആവശ്യമായ ചിത്ത ഏകാഗ്രത ഹൃദയ നൈർമ്മല്യമുളവാക്കുന്നുവെന്നും, ഹൃദയനൈ ർമ്മല്യം മോക്ഷമാർഗ്ഗപ്രാപ്തിക്ക് കാരണമാകുന്നു വെന്നത് ശാസ്ത്രീയമായ ഒരു സത്യമാണ്.

പ്രാചീനമായ യാജ്ഞവൽക്യ സ്മൃതിയിൽ സംഗീത തത്വങ്ങളെ നേരാംവിധം ധരിക്കുന്നവൻ അനാ യാസേന മോക്ഷമാർഗ്ഗ പ്രാപ്തിക്ക് അർഹനാ കുന്നു എന്ന അർത്ഥത്തിൽ;

'***വീണാ വാദനതത്ത്വജ്ഞാ:***
***ശ്രുതി ജാതി വിശാരദ:***
***താളജ്ഞശ്ചാ പ്രയാസേന***
***മോക്ഷമാർഗ്ഗം നിയച്ഛതി*** എന്ന് പറഞ്ഞിരിക്കുന്നു.

കർത്താവെ നിന്റെ സ്തുതികളെ പാടാൻ നിനക്ക് കീർത്തനങ്ങൾ പാടാൻ എന്റെ വായ്കളെയും അധരങ്ങളെയും തുറക്കേണമേ...

# ദുരിത ബാധിതരൊടൊപ്പം ഒ സി വൈ എം



കോട്ടയം / വയനാട് : വയനാട് പ്രകൃതി ദുരന്തത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ക്രൈസ്തവ യുവജന പ്രസ്ഥാനം അടിയന്തിര എക്സിക്യൂട്ടീവ് സമിതി യോഗം ചേർന്ന് ദുരിത ബാധിതർക്ക് അടിയന്തിര സഹായം ചെയ്യുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. പരിശുദ്ധ കാതോലിക്കാ ബാവ യുടെ കല്പന അനുസരിച്ച് ബത്തേരി ഭദ്രാസനവുമായി ചേർന്ന് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ യൂണിറ്റുകൾക്ക് നിർദേശം നൽകുവാൻ തീരുമാനിച്ചു. ദുരിത ബാധിതർക്ക് ശാശ്വതമായ പുനരധിവാസ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുവാൻ പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാ പ്പോലീത്ത നിർദ്ദേശിച്ചു. പരിശുദ്ധ സഭയുടെയും പരിശുദ്ധ ബാവയുടെയും തീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി മാത്രമായിരിക്കണം പ്രവർത്തനങ്ങൾ എകോപിപ്പിക്കേണ്ടത് എന്ന് പ്രസിഡന്റ് തിരുമേനി അഭിപ്ര ായപ്പെട്ടു. വയനാട്ടിൽ ദുരന്തമുഖത്ത് സന്നദ്ധ പ്രവർത്തനത്തിൽ പങ്കാളികളാ യിക്കൊണ്ടിരിക്കുന്ന ഫാ ബസിൽ, ശ്രീ സനീഷ് എന്നിവർ കാര്യങ്ങൾ വിശദീകരിച്ചു. ഫാ. ഷിജി കോശി, ഫാ വിജു ഏലിയാസ്, പേൾ കണ്ണേത്ത്, റോബിൻ വർഗീസ്, നിഖിൽ ജോയി, രെഞ്ചു എം ജെ, സജയ് തങ്കച്ചൻ എന്നിവർ പ്രസംഗിച്ചു. ദുരന്തത്തിൽ മരണമടഞ്ഞവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. പ്രകൃതി ദുരന്തങ്ങളിൽ കൂടുതൽ ജാഗ്രത പാലിക്കുവാനും ത്വരിത ഗതിയിലുള്ള രക്ഷാപ്രവർത്തനത്തിനുള്ള സാഹചര്യം ഒരുക്കുവാനും അധികാരികളോട് യോഗം ആഹ്വാനം ചെയ്തു. സഹായങ്ങൾ അർഹതപ്പെട്ടവരുടെ കൈകളിൽ തന്നെ എത്തുന്നുണ്ടെന്നു ഉറപ്പു വരുത്തുവാൻ ജാഗ്രത പുലർത്തണമെന്ന് യോഗം ആവശ്യപ്പെട്ടു. ദുരന്തത്തിൽ നിന്ന് രക്ഷപെട്ടു ഒറ്റപ്പെട്ടു ജീവിതത്തിനുള്ള വഴിയടഞ്ഞിരിക്കുന്നവരുടെ കൃത്യമായ വിവരശേഖരണം നടത്തി അവരെ സ്വാഭാവീക ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുവാനുള്ള കൂട്ടായ പരിശ്രമത്തിൽ കേരള സമൂഹമന സാക്ഷിയുടെ കൂടെ എന്നും ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം സർവ്വസജ്ജമായി ഉണ്ടാകും എന്നും പ്രസിഡന്റ് തിരുമേനി പ്രസ്താവിച്ചു. ബത്തേരി ഭദ്രാസന മെത്രാപ്പോലീത്തായുമായി നിരന്തരം ആശയ വിനിമയം നടത്തുന്നുണ്ടെന്നും ഭദ്രാസനത്തിന്റെ നിർദ്ദേശം ലഭിച്ചാൽ അവിടെ എത്തുവാൻ താൻ സന്നദ്ധനാണെന്നും ഡോ ഗീവർഗീസ് മാർ യൂലിയോസ് മെത്രാപോലീത്ത പറഞ്ഞു.



# മുന്നോട്ടു പോകാൻ മൂന്നു പാഠങ്ങൾ



**ബിജു വി.പന്തപ്ലാവ്**
(യുവജനപ്രസ്ഥാനം മുൻ കേന്ദ്രട്രഷറർ,
ജനറൽ സെക്രട്ടറി അഖില ഓർത്തഡോക്സ്
ശുശ്രൂഷക സംഘം (AMOSS)

മൂന്നു തരം ആളുകളെ ലളിതമായി തരം തിരിച്ചത് ബഞ്ചമിൻ ഫ്രാങ്ക്ലിൻ (Benjamin Franklin) ആണ് - ചലിക്കുന്നവർ (Moving), ചലിക്കാനാവുന്നവർ (Movable), ചലിപ്പിക്കാനാവാത്തവർ (Immovable).

സ്വന്തം തെരെഞ്ഞെടുപ്പുകളാണ് ജീവിതത്തിന്റെ മാറ്റുകൂട്ടുന്നത് എന്ന് എല്ലാവർക്കും അറിയാം. സുപ്രധാനമായവയിലേക്ക് ഹൃദയം നൽകി കഠിന പരിശ്രമം നടത്തിയാൽ ഉന്നതമായതിലേക്കും ഉയർന്നതിലേക്കും ഉറപ്പായും എത്താം.

യൗവനം ചലനാത്മകമാണ്. വ്യക്തമായ ജീവിത ദർശനത്തോടും സുതാര്യമായ കാഴ്ചപ്പാടോടും സുദൃഢമായ ലക്ഷ്യബോധത്തോടും മുന്നേറുമ്പോഴാണ് യുവത്വത്തിന് ശക്തിയും സൗന്ദര്യവും കൈവരുന്നത്.

കാലം സാധ്യതകളുടെ അപാരതകളാണ് തുറന്നുവയ്ക്കുന്നത്. സത്യമുള്ളതും ഘനമായതും സൽകീർത്തി നൽകുന്നതുമായ സ്രോതസുകളെ തെരെഞ്ഞെടുക്കുക യൗവനത്തിൽ സുപ്രധാനമാണ്. അതുകൊണ്ടുതന്നെ സമീപകാലത്ത് ചർച്ചചെയ്യപ്പെടുന്ന മൂന്ന് വാക്കുകൾ - മൂന്ന് പാഠങ്ങൾ - ലളിതമായി പങ്കുവയ്ക്കട്ടെ.

**1. Flexibility (മാറ്റത്തിനുള്ള സന്നദ്ധത/വഴക്കം)**

കാനാവിലെ കല്യാണ ഭവനത്തിൽ ദൈവരാജ്യ സന്ദേശം യേശുതമ്പുരാൻ നൽകുന്നത് ഏറ്റവും Flexible ആയ ജലത്തിന്റെ രൂപമാറ്റം എന്ന പ്രതീകത്തിലൂടെ ആണല്ലോ. ആവശ്യാനുസരണം വലിയ പാത്രങ്ങളിൽ കോരിനിറയ്ക്കാനും, ചെറിയ പാത്രങ്ങളിലേക്ക് പകരാനും, നിറവും ഗുണവും വർദ്ധിപ്പിച്ച് മേൽത്തരം ആകാനും, പാനപാത്രങ്ങളിലാക്കി വിരുന്നുകാരെ ആനന്ദിപ്പിക്കുവാനുമായി സമർപ്പിക്കപ്പെടുന്ന ജലം Flexibility യുടെ ജീവിതപാഠമല്ലേ പകർന്ന് നൽകുന്നത്?

അനുദിനം പരിണാമത്തിന് വിധേയമാകുന്നതും നൂതന സംവിധാനങ്ങളും സംഹിതകളും രൂപപ്പെടുന്നതുമായ സമകാലീനലോകത്ത് തകർന്നുപോകാതെ നിലകൊള്ളുവാൻ ഏതൊരാൾക്കും ആവശ്യമായ സുശക്തമായ വൈദഗ്ധ്യവും പ്രായോഗികമായ ഒരു നൈപുണ്യവുമാണ് (Skill) ഫ്ളക്സിബിലിറ്റി. മാറ്റങ്ങളെ സ്വീകരിക്കാനും മാറ്റങ്ങൾ കൊണ്ടുവരാനും ഈ ഒരു പ്രായോഗിക സമീപനം നമ്മെ സഹായിക്കും.

"ഞാൻ ഇങ്ങനെയാണ്, എനിക്ക് ഇങ്ങനെ കഴിയൂ, നിങ്ങൾക്ക് പറ്റില്ലെങ്കിൽ വേറെ ആളിനെ അന്വേഷിക്കൂ" എന്നതെല്ലാം നമ്മുടെ സാമൂഹ്യ, ആത്മീയ ജീവിത പരിസരങ്ങളിൽ കേൾക്കാറുണ്ടല്ലോ? അവനവന് നൽകുന്ന അമിതപ്രാധാന്യവും താൻമാത്രം ശരിയെന്ന അമിതവിശ്വാസവും പല മേഖലകളേയും - കുടുംബ ജീവിതം ഉൾപ്പെടെ - അസ്വസ്തമാക്കുന്നില്ലേ.

കോവിഡ് കാലവും അനന്തരവും നമ്മെ പഠിപ്പിച്ചത് അപാരമായ മെയ് വഴക്കത്തിന്റേയും മാറാനുള്ള സന്നദ്ധതയുടേയും ജീവിത പാഠങ്ങൾ ആയിരുന്നല്ലോ. പക്ഷേ സ്വാർത്ഥ താൽപ്പര്യങ്ങളു

ടേയും നിർബന്ധബുദ്ധികളുടേയും ദൃഢത (Rigidity) നമ്മെയെല്ലാം വല്ലാതെ അസ്വസ്ഥമാക്കുന്നുണ്ട്. അതുകൊണ്ട് ജീവിത സാഹചര്യങ്ങളിൽ അതിജീവനത്തിനും ജീവിത വിജയത്തിനും വഴക്കം നമ്മെ സഹായിക്കും. സ്വയം മാറ്റത്തിലൂടെ മാറ്റങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാനും അതിലൂടെ സഹയാത്രികരെ നിർണ്ണായകമായി സ്വാധീനിക്കുവാനും ഫ്ളക്സിബിലിറ്റി അനിവാര്യമാണ്.

ഫ്ളക്സിബിലിറ്റി വളയലും വളയ്ക്കലുമാണ് - ഒടിഞ്ഞുപോകലും ഒടിച്ചുമാറ്റലും അല്ലായെന്നതും പ്രത്യേകം ഓർക്കാം.

2. **Brain Gain**

വിദേശത്തുള്ള മലയാളികളുടെ അക്കാദമിക വൈദഗ്ധ്യം കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ ഉപയോഗിക്കാൻ കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഈ വർഷം ആവിഷ്കരിച്ച പദ്ധതിയാണ് ബ്രെയ്ൻ ഗെയ്ൻ.

ബുദ്ധിയുടെയും വൈദഗ്ധ്യത്തിന്റേയും കൈമാറ്റത്തിനുള്ള അപാരസാധ്യതകളാണ് മാറിവരുന്ന സാമൂഹ്യക്രമങ്ങൾ തുറന്നു വയ്ക്കുന്നത്. പക്ഷെ നമ്മിൽ ഭൂരിപക്ഷവും സ്വയനിർമ്മിത ദന്തഗോപുരങ്ങളിൽ നിന്ന് പുറത്തിറങ്ങാനോ കൂപമണ്ഡൂകങ്ങൾക്ക് പുറത്ത് വിശാലമായ വായു സ്വീകരിക്കാനോ ഇന്നും സജ്ജമായിട്ടില്ല.

2022 ലെ മെത്രാപ്പോലീത്തമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ മുഖ്യവരണാധികാരിയായി പ.സഭ നിയോഗിച്ചത് അമേരിക്കയിലെ ഉന്നത ഉദ്യോഗസ്ഥൻ കൂടിയായ മലങ്കര സഭാ വൈദികൻ ആദരണീയനായ അലക്സാണ്ടർ കുര്യൻ അച്ചനെയാണ്. ഇലക്ഷൻ നടപടിക്രമങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ കുറ്റമറ്റ രീതിയിൽ നടത്താൻ അച്ചന്റെ നേതൃപരമായ പങ്കും സാങ്കേതിക പരിജ്ഞാനവും സഹായിച്ചു. Brain Gain ന്റെ ഉദാത്ത മാതൃക.

ഇത് വ്യക്തിജീവിത സാഹചര്യങ്ങളിൽ പകർത്തപ്പെടേണ്ടതാണ്. അദ്ധ്യാപകന്റെയോ ആചാര്യന്റെയോ പ്രായോഗിക നിർദ്ദേശങ്ങൾ പോലും സ്വീകരിക്കാൻ കഴിയാത്തവിധം പുതുതലമുറ അന്യമായിക്കൊണ്ടിരിക്കുന്നു. അവരെ അന്ധമായി പിന്തുണയ്ക്കുന്ന മാതാപിതാക്കളും ജീവിത വൈഷമ്യങ്ങളിൽ മറ്റുള്ളവരുടെ സഹായം തേടുന്നത് അപമാനമെന്ന് കരുതുന്നു. ഫലമോ, വീണ്ടെടുക്കാനാവാത്തവിധം പലരും ചുഴികളിൽപെട്ടുഴലുന്നു. മാനുഷിക സ്വാധീനങ്ങളിൽ നിന്ന് (human influence) സാങ്കേതിക സ്വാധീനങ്ങളിലേയ്ക്ക് (Eg. Google, Alexa) വഴുതിപ്പോയ മനുഷ്യരെ തിരികെ കൊണ്ടുവരേണ്ടതാണ്.

നമ്മുടെ ഇടവകകളിലും സഭാപ്രവർത്തനമണ്ഡലങ്ങളിലും ഈ Brain Gain വലിയ സാധ്യതയാണ്. ഉന്നതമായ നിലകളിൽ നാട്ടിലും മറുനാട്ടിലും പ്രവർത്തിക്കുന്ന ഭൂരിഭാഗത്തിന്റെയും ബൗദ്ധിക മികവോ, കാര്യശേഷിയോ നമുക്ക് പ്രയോജനപ്പെടുത്താനാവുന്നുണ്ടോ?



Money Gain ഉണ്ടാകും പക്ഷെ Brain Gain ലൂടെ ഇടവകകളിലെ പുതുതലമുറയ്ക്ക് ഇവരെ പരിചയപ്പെടുത്താനും സംവദിക്കാനും സ്വാധീനിക്കാനും അവസരങ്ങൾ ഉണ്ടാകേണ്ടതല്ലേ? അഭ്യസ്തവിദ്യരും പ്രൊഫഷണൽസും ഇടവക - സഭാ പ്രവർത്തനങ്ങളിൽ നിന്നും മാറി നിൽക്കുന്നുണ്ടെങ്കിൽ ഇത്തരത്തിൽ അവ പരിഹരിക്കപ്പെടേണ്ടതല്ലേ?

3. **MOON LIGHTING**

ഒരു സ്ഥാപനത്തിലെ ജോലിയോടൊപ്പം അധിക സമയത്ത് ഇതര പ്രയോജനപ്രദമായ പ്രവർത്തന ങ്ങളിൽ ജാഗരിക്കുന്ന സംവിധാനമാണ് സാങ്കേതികമായി 'മൂൺലൈറ്റിംഗ്' എന്ന് പറയപ്പെടുന്നത്. ഇക്കാലത്ത് ഐ.റ്റി കമ്പനികളും പ്രൊഫഷണലുകളും ഇത് ഏറെ ചർച്ചചെയ്യുന്നുണ്ട്. അല്ല എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പ് യേശു തമ്പുരാൻ ഈ പഠനം നമുക്ക് പകർന്ന് നൽകി എന്നത് വിസ്മയമല്ലെ? തന്റെ ഗിരിപ്രഭാഷണത്തിൽ യേശു



പറഞ്ഞു "ഒരുവൻ നിന്നെ ഒരു നാഴിക വഴി പോകുവാൻ നിർബന്ധിച്ചാൽ രണ്ട് അവനോടുകൂടെ പോവുക" (വി.മത്തായി 5:41) ചെയ്യേണ്ടതിനേക്കാൾ അധികം ചെയ്യുന്നതും പ്രതീക്ഷിക്കുന്നതിനേക്കാൾ അൽപം കൂടുതൽ അധ്വാനിക്കുന്നതും ജീവിതത്തിന്റെ സമഗ്ര വളർച്ചയെ സ്വാധീനിക്കും എന്ന യേശു തമ്പുരാൻ രണ്ടായിരം വർഷം മുൻപ് പഠിപ്പിച്ചു. മുൻപ് പ്രൊഫഷണൽ രംഗത്ത് ഇതിനെ Extra Mile Philosophy എന്ന പേരിൽ പരിശീലിപ്പിച്ചു.

MOONLIGHTING യുവജനങ്ങളുടെ മുദ്രയാവണം. എല്ലാവരും അവരവരുടെ ജീവിത ക്രമങ്ങളോടൊപ്പം അൽപം Extra Mile ഉം Moonlighting ഉം പരിപാലിക്കണം. ലളിതമായി പറഞ്ഞാൽ കുട്ടികളോട് ലഹരി ഉപയോഗിക്കരുത് എന്നു പറയുന്നതിനേക്കാൾ പ്രയോജനം ക്രിയാത്മകമായ ഒരു MOONLIGHTING പരിശീലിപ്പിക്കുന്നതാണ് മിക്ക ആളുകളും മനസിനും ആത്മാവിനും സന്തോഷവും സംതൃപ്തിയും നൽകുന്ന മറ്റൊന്നും കാണാത്തതിനാലാണ് ലഹരിയിലേക്ക് പോവുന്നത് എന്നത് തെളിയിക്കപ്പെട്ട സത്യം. അതായത് മുഴുവൻ സമയവും സുബോധത്തോടെ ഇരുന്നാലും തനിക്ക് ചെയ്ത് തീർക്കാൻ കഴിയാത്ത ഉത്തരവാദിത്വങ്ങൾ ഉണ്ട് എന്ന് ബോദ്ധ്യപ്പെട്ടാൽ എങ്ങനെ ലഹരിയിൽ ജീവിക്കും? DRUXIT ൽ നിന്നും MOONLIGHTING ലേക്ക് അതിവേഗം എത്തണം എന്നർത്ഥം. യുവജനങ്ങളെ പ്രകാശിപ്പിക്കുവാനും പ്രചോദിപ്പിക്കാനും ഈ മുദ്രകൾക്ക് കഴിയട്ടെ.

# തുമ്പമൺ ഭദ്രാസന യുവജനപ്രസ്ഥാന വാർഷിക സമ്മേളനം




തുമ്പമൺ ഭദ്രാസന യുവജനപ്രസ്ഥാന വാർഷിക സമ്മേളനം 2024 ജൂലൈ 28 ഞായറാഴ്ച്ച തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രൽ ഭദ്രാസന ദേവാലയത്തിൽ വെച്ച് നടന്നു. "സമൂഹം വളരുന്നത് എന്റെ വളർച്ചയ്ക്കൊപ്പമായിരിക്കണമെന്ന് മനുഷ്യന് ഉത്തമ ബോധ്യമുണ്ടാകണമെന്ന്" പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ പറഞ്ഞു. മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം തുമ്പമൺ ഭദ്രാസനത്തിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിന്നു ബാവാ. കഴിഞ്ഞ വർഷം യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 5 ഭവനങ്ങൾ നിർമിച്ചു നൽകിയത് സഭയ്ക്ക് അഭിമാനമാണെന്ന് ബാവാ പറഞ്ഞു. ഡോ.ഏബ്രഹാം മാർ സെറാഫിം അധ്യക്ഷനായിരുന്നു. കുര്യാക്കോസ് മാർ ക്ലീമീസ് വലിയ മെത്രാപ്പൊലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി. മന്ത്രി വീണാ ജോർജ് യുവജന സന്ദേശം നൽകി. ആന്റോ ആന്റണി എംപി, ജോൺസൺ കല്ലിട്ടതിൽ കോറെപ്പിസ്ക്കോപ്പ, തുമ്പമൺ പഞ്ചായത്ത് പ്രസിഡന്റോ റോണി സഖറിയ, വൈസ് പ്രസിഡന്റ് ഫാ. എബി ടി സാമുവൽ, ജനറൽ സെക്രട്ടറി എം.ജെ. രഞ്ചു, ഫാ. വിജു ഏലിയാസ്, വികാരി ഫാ. സി.കെ. തോമസ്, ലിന്റോ മണ്ണിൽ, ലിഡാ ഗ്രിഗറി, സുജിൻ ഉമ്മൻ, നിതിൻ മണക്കാട്ടുമണ്ണിൽ, ഫിന്നി മുള്ളനിക്കാട് എന്നിവർ പ്രസംഗിച്ചു. ഉപഹാര സമർപ്പണവും അവാർഡ് ദാനവും നടന്നു. വലിയ മെത്രാപ്പൊലീത്തയ്ക്ക് സ്നേഹാദരവും നൽകി.

പഠനവേദി

# സുറിയാനി പദപരിചയം



ഫാ. ലാസറസ് തോമസ് (സെന്റ്. ജോർജ് ആശ്രമം, ചായലോട്)

### ✠ ഖൂദോശ് ഈത്തോ ܩܘܼܕܵܫ ܥܹܕܬܵܐ

ആരാധനക്രമ സംവത്സരം ആരംഭിക്കുന്ന ദിവസമാണിത്. സഭയുടെ വിശുദ്ധീകരണം എന്നാണർത്ഥം. കൂദോശ് എന്നാൽ വിശുദ്ധീകരിക്കുക എന്നർത്ഥമുള്ള കാദേശ് (ܩܲܕܸܫ) എന്ന വാക്കിൽ നിന്നും ഉരുത്തിരിഞ്ഞതാണ്. ഈത്തോ ( ܥܹܕܬܵܐ ) എന്നാൽ സഭ, പള്ളി എന്നൊക്കെയർത്ഥം.

### ✠ ഹൂദോസ് ഈത്തോ ܚܘܼܕܵܬ ܥܹܕܬܵܐ

പഴയനിയമത്തിലെ പ്രതിഷ്ഠാപ്പെരുന്നാളുമായി ബന്ധപ്പെടുത്തിയതാണ് ഹൂദോസ് ഈത്തോ. ആരാധനാക്രമത്തിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് ഇത് ആചരിക്കുന്നത്. ഹൂദോസ്, ഹ്ദേസ് (ܚܕܸܬ) എന്ന മൂലപദത്തിൽ നിന്നും ഉത്ഭവിച്ചിട്ടുള്ളതാണ്. പുതുക്കുക, നവീകരിക്കുക എന്നാണ് ഇതിന്റെ അർത്ഥം. സഭയുടെ നവീകരണം എന്നതും മറ്റൊരു അർത്ഥവും ഉണ്ട്.

### ✠ യൽദൊ ܝܲܠܕܵܐ

യീലേദ് ( ܝܸܠܸܕ ) എന്ന വാക്കിൽ നിന്നുമാണ് 'ജനനം' എന്നർത്ഥമുള്ള യൽദൊ എന്ന പദം വന്നിരിക്കുന്നത്. ഇതിന്റെ അർത്ഥം വഹിക്കുക, ജനനം നൽകുക (Give birth, nativity) തുടങ്ങിയ അർത്ഥങ്ങളും ഉണ്ട്. യൊൽദാസ് ആലേഹൊ ( ܝܵܠܕܲܬ ܐܲܠܵܗܵܐ ) ദൈവജനിത്രി, ദൈവത്തെ വഹിച്ചവൾ എന്നർത്ഥം.

യാലൂദൊ ( ܝܲܠܘܼܕܵܐ ) എന്നാൽ ശിശു (infant), മൗലോദൊ ( ܡܲܘܠܵܕܵܐ ) ജന്മം (Nativity, birth) എന്നും അർത്ഥമുണ്ട്.

### ✠ മാ'അൽതൊ ܡܲܥܠܬܵܐ

മാ'അൽതൊ എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് പ്രവേശനം എന്നാണ്. അൽ ( ܥܲܠ ) എന്ന ക്രിയാധാതുവിൽ നിന്നുമാണ് ഈ പദം വികസിച്ചിരിക്കുന്നത്. പ്രവേശിക്കുക എന്ന അർത്ഥം പൊതുവായി ഉപയോഗിക്കുമെങ്കിലും ആരംഭം, ആമുഖം (to enter) എന്നും അർത്ഥമുണ്ട്.

### ✠ കുർബ്ബാന (ഖുർബോനൊ – ܩܘܼܪܒܵܢܵܐ )

അടുത്തുവരിക, സമീപിക്കുക (to come near) എന്നർത്ഥം വരുന്ന ക്രേബ് ( ܩܪܸܒ ) എന്ന മൂലപദത്തിൽ നിന്നുമാണ് കുർബ്ബാന എന്ന പദം ഉണ്ടായത്. സെമിറ്റിക് ഭാഷകളിലെല്ലാം ഇതിന് സമാനമായ വാക്കുകൾ ഉപയോഗിച്ചുവരുന്നതായും കാണാം. അർപ്പിക്കുക, സമർപ്പിക്കുക എന്നൊക്കെയുള്ള അർത്ഥതലങ്ങളുണ്ട്.

### ✠ മാമോദീസ ܡܲܥܡܘܿܕܝܼܬܵܐ

(Baptism - ജ്ഞാനസ്നാനം). അമാദ് (ܥܡܲܕ) എന്ന വാക്കിൽ നിന്നുമാണ് മാമോദീസ എന്ന പദം ഉരുത്തിരിഞ്ഞിട്ടുള്ളത്. മുക്കുക എന്നാണതിനർത്ഥം. മാമൂദിസൊ എന്നാണെങ്കിലും കൽദായ/പൗരസ്ത്യ സുറിയാനിയുടെ മലങ്കരയിലെ ഉപയോഗവും മലയാള ഭാഷയുടെ ഇടകലർന്ന സാന്നിദ്ധ്യവും കുർബ്ബാന, കൂദാശ എന്നിവ പോലെ മാമോദീസ എന്നും ഉച്ചരിക്കുന്നു.

### ✠ കൂദാശ (ഖൂദോശോ – ܩܘܼܕܵܫܵܐ )

ശുദ്ധീകരിക്കുക, വിശുദ്ധീകരിക്കുക, സൂക്ഷിക്കുക (to pure, holy, santify) എന്നൊക്കെയാണിതിനർത്ഥം. കൂദാശ എന്ന വാക്കിന്റെ മൂലപദമാണ് ഖാദേശ് ( ܩܲܕܸܫ ). ബെസ്കുദ്ശാ, കുദുശ് കുദുശിൻ തുടങ്ങിയ വാക്കുകളും, പ്രയോഗങ്ങളും ഈ വാക്കിൽ നിന്നുണ്ടായതാണ്. വിശുദ്ധൻ എന്നർത്ഥം വരുന്ന വാക്കാണ് കാദീശൊ ( ܩܲܕܝܼܫܵܐ )









റ്റിബിൻ ചാക്കോ
തേവർവേലിൽ

# കടമ്പനാട് പള്ളി

മലങ്കര ഓർത്തഡോക്സ് സഭയുടെ അടൂർ - കടമ്പനാട് ഭദ്രാസനത്തിലെ ആസ്ഥാന ദേവാലയവും, മാർതോമ്മൻ തീർത്ഥാടന കേന്ദ്രവുമാണ് കടമ്പനാട് സെന്റ് തോമസ് കത്തീഡ്രൽ. നിലയ്ക്കൽ പ്രദേശത്ത് സുവിശേഷം അറിയിച്ച വി. തോമാശ്ലീഹാ അവിടെനിന്ന് കടമ്പനാട് എത്തി ക്രിസ്തുമാർഗ്ഗം സ്ഥാപിച്ചു എന്ന് വിശ്വസിക്കപ്പെടുന്ന ഐതിഹ്യങ്ങൾ ധാരാളം ഉണ്ടെങ്കിലും നിർഭാഗ്യവശാൽ വിശുദ്ധ തോമാശ്ലീഹാ സ്ഥാപിച്ച എട്ട് പള്ളികളുടെ കൂട്ടത്തിൽ കടമ്പനാട് പള്ളിയെ രേഖപ്പെടുത്തിയിട്ടില്ല.

കടമ്പനാട് പ്രദേശത്ത് ഉണ്ടായ പേമാരിയിൽ ദൈവാലയത്തിന്റെ വിശുദ്ധ മദ്ബഹാ തകർന്നുവീണ് ചരിത്രരേഖകൾ നഷ്ടമായതും, ചരിത്രം എഴുതി സൂക്ഷിക്കുന്നതിൽ മലങ്കര സഭയുടെ വൈമനസ്യവും കാരണം കടമ്പനാട് പള്ളിയുടെ മാർത്തോമ്മൻ പൈതൃകത്തിന് ചരിത്രപരമായ സാധൂകരണം നൽകുന്നതിന് ഒരു തടസ്സമായി നിൽക്കുന്നു. രേഖപ്പെടുത്തിയ ചരിത്രമനുസരിച്ച് AD 325 ൽ നിലയ്ക്കലിൽ നിന്ന് പലായനം ചെയ്ത ക്രിസ്ത്യാനികളിൽ പ്രബലവിഭാഗം കടമ്പനാട് എത്തുകയും അവർ കൊണ്ടുവന്ന കുരിശ് നാട്ടി ഒരു ദേവാലയം സ്ഥാപിക്കുകയും ചെയ്തു.

മലങ്കര സഭയിൽ ശക്തമായ സാന്നിദ്ധ്യം അറിയിച്ചിരുന്ന ഒരു ദേവാലയമായിരുന്നു കടമ്പനാട് പള്ളി. മലങ്കര സഭാ തലവനായിരുന്ന മൂന്നാം മാർത്തോമ്മ ഈ ദേവാലയത്തിലേക്ക് എഴുന്നള്ളി വന്ന് കടമ്പനാട് പള്ളി ആസ്ഥാനമാക്കി മലങ്കര സഭയ്ക്ക് നേതൃത്വം കൊടുത്തു. 1688 ഏപ്രിൽ 21 ന് കാലം ചെയ്ത പരിശുദ്ധ പിതാവിനെ ദേവാവയത്തിന്റെ വിശുദ്ധ മദ്ബഹായിൽ കബറടക്കി. 17 - ാം ശതകത്തിന്റെ അന്ത്യം വരെ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മപ്പെരുന്നാളായിരുന്നു ഈ ദേവാലയത്തിന്റെ പ്രധാന പെരുന്നാൾ. എന്നാൽ മാർത്തോമ്മാ മൂന്നാമൻ തിരുമേനി കാലം ചെയ്ത ശേഷം ആ പിതാവിന്റെ ഓർമ്മദിനത്തെ ഭക്ത്യാദരപൂർവ്വം ഇടവകയുടെ പെരുന്നാളായി ആഘോഷിച്ചുവരുന്നു.

നിരവധി തവണ പുനർനിർമ്മാണത്തിന് വിധേയമായ ദേവാലയമാണ് ഇന്ന് കാണുന്ന രീതിയിൽ നിലനിൽക്കുന്നത്. പാരമ്പര്യമനുസരിച്ച് AD-800,1200, 1800, 1912, 1952 എന്നീ വർഷങ്ങളിൽ പുനർനിർമ്മാണം നടത്തിയതായി വിശ്വസിക്കപ്പെടുന്നു. തെക്കൻ മദ്ധ്യകേരളത്തിലെ 100 കണക്കിന് ദേവാലയങ്ങളുടെ മാതൃസ്ഥാനം അലങ്കരിക്കുന്ന ഈ ദേവാലയം 1988 ൽ മൂന്നാം മാർത്തോമ്മയുടെ മുന്നൂറാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് കത്തീഡ്രലായി ഉയർത്തപ്പെട്ടു. വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെയും വി.മൂന്നാം മാർത്തോമ്മായുടെയും സാന്നിദ്ധ്യം നിലനിൽക്കുന്ന ഈ ദേവാലയം നാനാജാതി മതസ്ഥരുടെ അഭയകേന്ദ്രമായി നിലകൊള്ളുന്നു.





ഓർത്തഡോക്സ് യുവജനം ത്രൈമാസിക
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം



# സ്വാതന്ത്ര്യത്തിന്റെ വിവിധ മാനങ്ങൾ

അനില എൽസ തോമസ്
(തിരുവനന്തപുരം ഭദ്രാസനം)



വിദേശാധിപത്യത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിന്റെ 77-ാം വർഷം ഭാരതം ആഘോഷിക്കുമ്പോൾ "സ്വാതന്ത്ര്യം" എന്ന യാഥാർത്ഥ്യം ഇന്നും പ്രാപ്യമാണോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. വിദേശരാജ്യത്തിന്റെ അധികാരത്തിൽ നിന്ന് സ്വാതന്ത്ര്യം നേടുന്നത് സ്വാതന്ത്ര്യത്തിന്റെ ചെറിയ ഒരു ഭാഗമേ ആകുന്നുള്ളൂ എന്ന് വിവേകമുള്ളവർ പണ്ടേ പഠിപ്പിച്ചിട്ടുണ്ട്. പഴയ കോളനി വാഴ്ച അവസാനിച്ചുവെങ്കിലും ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ നിയന്ത്രണത്തിലേക്ക് രാജ്യം കൂപ്പുകുത്തുന്ന കാഴ്ചയും ദയനീയമാണ്. ചെറുകിട വ്യവസായികളും, ചില്ലറ കച്ചവടക്കാരും ഒരു കാലത്ത് കേരളത്തിന്റെ സംസ്കാരത്തിന്റെ തന്നെ ചിഹ്നമായിരുന്നുവെങ്കിൽ, ഇന്ന് അവയൊക്കെ അപ്രസക്തവും അപ്രത്യക്ഷവുമായികൊണ്ട് സൂപ്പർമാർക്കറ്റുകളും, മാളുകളും, ഓൺലൈൻ കച്ചവടവുമൊക്കെയായി നമ്മുടെ സംസ്ക്കാരം തന്നെ മാറ്റിമറിച്ചിരിക്കുന്നു. ധനികൻ വീണ്ടും ധനികനും, ദരിദ്രൻ വീണ്ടും ദരിദ്രനുമാകുന്ന അവസ്ഥയ്ക്ക് മാറ്റമില്ലെന്നതാണ് വാസ്തവം. വിദേശ നിർമ്മിത ഉത്പന്നങ്ങളെ നിരുത്സാഹപ്പെടുത്തികൊണ്ട് ഗാന്ധിജി 'സ്വദേശി പ്രസ്ഥാനം' ശക്തിപ്പെടുത്തിയ അതേ ഇന്ത്യയിൽ വിദേശ ബ്രാൻഡുകളുടെ വാഴ്ചയും ഈ 21-ാം നൂറ്റാണ്ടിൽ സംഭവിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ അതിനു ബദലായി മൂല്യവത്തായ ഉത്പന്നങ്ങൾ നല്കുവാൻ മാറി മാറി വരുന്ന ഭരണ സംവിധാനങ്ങൾക്കാവുന്നില്ല എന്നതും ദുഃഖകരമാണ്. ഇതിന്റെയൊക്കയും അലയടികൾ നമ്മുടെയൊക്കെ വ്യക്തിബന്ധങ്ങളിലും, കുടുംബ ബന്ധങ്ങളിലും, സാമൂഹ്യ ഇടപെടലുകളിലും നിഴലിച്ചിട്ടുണ്ട്. അങ്ങിനെ ചിന്തിച്ചാൽ 'ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണ്' എന്ന് പ്രതിവചിച്ച ആ പുണ്യാത്മാവിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വീക്ഷണത്തിൽ നിന്ന് എത്ര അകലെയാണ് നാം എന്ന് ഈ സ്വാതന്ത്ര്യദിനാഘോഷ വേളകളിൽ ചിന്തിക്കേണ്ടതായുണ്ട്.

ഈ പശ്ചാത്തലത്തിൽ 'സ്ത്രീസ്വാതന്ത്ര്യവും' പരിഗണനാർഹമാണ്. തികച്ചും പുരുഷ കേന്ദ്രീകൃതമായ ഒരു സമൂഹത്തിൽ ഒരു കാലത്ത് 'സ്ത്രീസ്വാതന്ത്ര്യം' ഒരു മരീചിക മാത്രമായിരുന്നു. അതിൽ നിന്നു വളരെ വ്യതിയാനങ്ങൾ ഈ കാലഘട്ടത്തിലുണ്ടായി എന്നത് ആശാവഹമാണ്. അടുക്കളയുടെ ഉള്ളറകളിൽ മാത്രം ഒതുങ്ങിയിരിരുന്ന സ്ത്രീകളിൽ നിന്ന് ബഹിരാകാശ സഞ്ചാരികളുടെ നിരയിൽ സ്ഥാനം പിടിച്ച സ്ത്രീകളിലേക്കുള്ള വളർച്ച അത്ഭുതവും അഭിമാനാർഹവുമാണ്. പുരുഷനോടൊപ്പം ഏതു മേഖലയിലും സ്ത്രീകളുടെ പ്രാതിനിത്യവും വളർന്നു എന്നത് ഒരു നേട്ടമാണ്. അനേകം പോരാട്ടങ്ങളിലൂടെയും സഹന സമരങ്ങളിലൂടെയും കടന്നു പോയതിന്റെ പ്രതിഫലനമാണ് സ്ത്രീ ഇപ്പോൾ പ്രാപിച്ചിരിക്കുന്ന സ്വാതന്ത്ര്യം. എന്നാൽ മറുവശത്ത് സ്ത്രീകളുടെയും, കുട്ടികളുടെയും ഇടയിൽ വർദ്ധിച്ചു വരുന്ന അക്രമവാസനയുടെ വാർത്തകളും തമസ്കരിക്കുന്നില്ല. എല്ലാവരും അവരവരുടെ സ്വാതന്ത്ര്യങ്ങൾക്കായി മുറവിളി കൂട്ടുന്നു. വ്യക്തി സ്വാതന്ത്ര്യത്തിനായി ഭാര്യാഭർത്താക്കന്മാരും, സ്വന്തം ജീവിതത്തിന്റെ സ്വാതന്ത്ര്യത്തിനായി കുട്ടികളും യുവതി യുവാക്കളും, വാർദ്ധക്യത്തിന്റെ സ്വാതന്ത്ര്യത്തിനായി വൃദ്ധരും തർക്കിക്കുമ്പോൾ 'സ്വാതന്ത്ര്യം' എന്ന വാക്കിന് ഒരു പൊതു സ്വാഭാവമില്ലേ എന്ന് അതിശയിച്ചു പോകുന്നു. പരസ്പര ആശ്രയത്വം ആവശ്യമില്ലാത്ത വ്യക്തിപരതയിലേക്ക് 'സ്വാതന്ത്ര്യം' നമ്മെ നയിക്കുന്നുവെങ്കിൽ, 'മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്' എന്ന തത്വത്തിന് ഒരു പുനർവായന ആവശ്യമായി വന്നേക്കും. അതു

**പരസ്പര ആശ്രയത്വം ആവശ്യമില്ലാത്ത വ്യക്തിപരതയിലേക്ക് 'സ്വാതന്ത്ര്യം' നമ്മെ നയിക്കുന്നു വെങ്കിൽ, 'മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്' എന്ന തത്വത്തിന് ഒരു പുനർവായന ആവശ്യമായി വന്നേക്കും.**



കൊണ്ട് ലോകോപകാരം സ്വാതന്ത്ര്യത്തിന് ഒരു പൊതു നിർവചനം അസാധ്യമാണ്. സ്വാതന്ത്ര്യമില്ലായ്മ എന്ന അവസ്ഥയിൽ നിന്ന് സ്വാത ന്ത്ര്യത്തെ എന്തെല്ലാം രീതിയിൽ വ്യാഖ്യാനിക്കുന്നു/ദുർവ്യാഖ്യാനിക്കുന്നു എന്നതാണ് നാം നേരിടുന്ന പ്രശ്നം. വിവാഹപ്രായമെത്തിയ പെൺകുട്ടി 'എനിക്കു വിവാഹം വേണ്ട. എനിക്ക് സ്വതന്ത്രമായി ജീവിക്കണം' എന്നു പറയുമ്പോഴും, മാതാപിതാക്കളെ വേദനിപ്പിച്ച് 'എനിക്ക് ഇഷ്ട മുള്ള ജീവിത പങ്കാളിയെ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം എനിക്കുണ്ട്' എന്ന് നിർവചിക്കുമ്പോഴും, ദാമ്പത്യജീവിതത്തിലെ അതൃപ്തി കാരണം വിവാഹേതര ബന്ധങ്ങളിലേക്കു വഴി മാറുമ്പോഴും എന്തിനധികം കൊച്ചുകുട്ടികൾ ഒരു മിഠായി വാങ്ങുന്നതിനു പോലും നിർബന്ധ ബുദ്ധി കാട്ടുമ്പോഴും സ്വാതന്ത്ര്യത്തിന്റെ വിവിധ മുഖങ്ങ ളെയാണ് നാം കാണുന്നത്. പൊതുവായ ഒരു പരിഹാരമോ, നിർവച നമോ സാധ്യമല്ലാ എന്നത് ഒരു സത്യമാണ്. എന്നാൽ അവിടെയാണ് ലോകരക്ഷിതാവായ യേശുക്രിസ്തു ഒരു വേറിട്ട മാനം നമ്മുടെ മുന്നിൽ വരച്ചുകാട്ടുന്നത്.

പാപത്തിൽ നിന്നുള്ള വിടുതൽ പ്രാപിക്കുന്ന അവസ്ഥയാണ് സ്വാതന്ത്ര്യം. ഇതാണ് സഭകൾ ലക്ഷ്യം വെയ്ക്കേണ്ടുന്നത്. 'സത്യം നിങ്ങളെ സ്വതന്ത്രരാകും' (വി.യോഹ 8:32) എന്ന് വി.ഗ്രന്ഥം നമ്മെ പ ഠിപ്പിക്കുമ്പോൾ യേശുക്രിസ്തുവാകുന്ന ആ സത്യത്തെ പ്രാപിക്കുവാ നുള്ള വാഞ്ജയാണ് വിശ്വാസികൾക്ക് പ്രഥമമായി ഉണ്ടാകേണ്ടത്. 19-ാം നൂറ്റാണ്ടിലെ ചിത്രകാരനായിരുന്ന John Everett Millis യുടെ ഭാവനയിൽ വിരിഞ്ഞ ഒരു പെയിന്റിംഗാണ് 'Christ in the House of His Parents'. വളരെ ചർച്ചാവിഷയമായ ഈ ചിത്രം, കർത്താവിന്റെ വളർത്ത ച്ഛനായ യൗസേപ്പിന്റെ മരപ്പണിശാലയും അതിൽ പണിചെയ്യവേ കയ്യിൽ മുറിവേറ്റ ബാലനായ യേശുവിനേയും, അമ്മ മറിയാമിനെയും, സ്വല്പം വൃത്തിയില്ലാത്ത ഒരു പശ്ചാത്തലവും വരച്ചു കാട്ടുന്നു. ഈ ചിത്രത്തിനു ലഭിച്ച വിമർശനങ്ങൾ എന്തു തന്നെയായാലും അനുസരണാശീലമുള്ള ബാലനായ യേശു ഒരു നല്ല കാഴ്ചയാണ്. 12-ാം വയസ്സിൽ യേരുശലേം ദേവാലയ ത്തിൽവെച്ച് നഷ്ടപ്പെട്ടു പോയപ്പോഴും അവനെ കണ്ടെത്തിയത് വി.ഗ്രന്ഥങ്ങളുടെ യും, ഉപദേഷ്ടാക്കന്മാരുടെയും ഇടയിലാ ണ്. ക്രൂശിലും അവനിൽ വിളങ്ങിയത് പിതാവായ ദൈവത്തോടുള്ള ഉടമ്പടിയുടെ പൂർണ്ണതയും, ക്രൂശിച്ചവരോടുള്ള 'അപ്പ്' എന്ന നിസ്വാർത്ഥ സ്നേഹ വും, ദീർഘക്ഷ മയുമാണ്. ഇതാണ് യഥാർത്ഥ സ്വാതന്ത്ര്യം. മനുഷ്യസ്വഭാവത്തെ രൂപപ്പെടുത്തുന്നതിൽ സമൂഹത്തിനു വലിയ പങ്കുണ്ട്. സമൂഹ ത്തിനുണ്ടാകുന്ന മാറ്റങ്ങൾ നമ്മുടെ വ്യക്തിത്വ വികാസത്തെയും ബാധിക്കും. അതുകൊണ്ടാണ് തലമുറകളുടെ ചിന്താ സരണികൾക്കു മാറ്റം സംഭവിക്കുന്നത്. ലോകപ്രകാരമുള്ള ഈ വ്യത്യസ്തകളെ ഉൾകൊണ്ട് ഒന്നായിത്തീരണമെന്നുങ്കിൽ ദൈവകൃപ കൂടിയേ തീരൂ. ആ ദൈവകൃ പയിൽ കൂടി മാത്രമേ 'സ്വാതന്ത്ര്യ'ത്തിന്റെ മേല്പറഞ്ഞ വ്യത്യസ്ഥ ഭാവങ്ങൾക്ക് ഒരു പൊതുമാനം കല്പിക്കുവാൻ സാധിക്കൂ. കാരണം ക്രിസ്തു എന്ന സത്യം ആരെയും സ്വാർത്ഥരാക്കുന്നില്ല, ദ്രവ്യാഗ്രഹികളാക്കു ന്നില്ല, കലഹിപ്പിക്കുന്നില്ല, അധീശത്വം മനോഭാവമുള്ളവരാക്കുന്നില്ല, പകരം പാമ്പിനെ പോലെ ബുദ്ധി യുള്ളവരു പ്രാവിനെ പോലെ കളങ്കമില്ലാത്തവും (വി. മത്താ. 10:16) ആക്കിത്തീർക്കും. സ്വാതന്ത്ര്യം അനുഭവിക്കേണ്ടതു തന്നെയാണ്. പക്ഷേ ഒരു പാരതന്ത്ര്യത്തിൽ നിന്നു മറ്റൊരു പാര തന്ത്ര്യത്തിലേക്കുള്ള മാറ്റമല്ല അത്. "പാപ ത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിച്ച നീതിയ്ക്കു ദാസന്മാരായിത്തീർന്നതു കൊണ്ട് ദൈവ ത്തിനു സ്തോത്രം" (റോമർ 6:18)

**യുവജനം ത്രൈമാസികയിൽ മിതമായ നിരക്കിൽ പരസ്യങ്ങൾ നൽകാം**

വിവാഹം, വിവാഹ വാർഷികം, മാമോദീസ, ശുഭ മുഹൂർത്തങ്ങൾ എന്നിവ പങ്കുവയ്ക്കാൻ...
നമ്മുടെ സ്ഥാപനങ്ങൾ, സംരംഭങ്ങൾ തുടങ്ങിയ വ മറ്റുള്ളവരെ അറിയിക്കാൻ...
പ്രിയപ്പെട്ടവരുടെ വാങ്ങിപ്പിന്റെ പാവനസ്മരണകൾ ഒർമിക്കുവാൻ....

**കൂടുതൽ വിവരങ്ങൾക്ക് :**
**ബിബിൻ ബാബു കരുവാറ്റ (9633805404), റ്റിബിൻ ചാക്കോ തേവർവേലിൽ (8086189918)**

# വിജയസ്മിതം വിദ്യാഭ്യാസ പുരസ്കാര ദാനം നടത്തി



കുന്നംകുളം ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ കാലം ചെയ്ത പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവയുടെ സ്മരണാർത്ഥം S.S.L.C, PLUS TWO ക്ലാസ്സുകളിൽ വിജയിച്ച കുട്ടികൾക്കുള്ള പുരസ്കാരങ്ങളും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന വിജയം കരസ്ഥമാക്കിയവരെയും കലാ സാംസ്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച യുവജനങ്ങളെയും ആദരിക്കുന്ന വിജയസ്മിതം വിദ്യാഭ്യാസ പുരസ്കാര ദാന ചടങ്ങ് നടത്തി. പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനം യൂണിറ്റിന്റെ ആതിഥേയത്വത്തിൽ നടത്തിയ ചടങ്ങ് യുകെ - യൂറോപ്പ് - ആഫ്രിക്ക ഭദ്രാസനാധിപൻ അഭിവന്ദ്യ അബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്ത ഉൽഘാടനം ചെയ്തു.

കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനി അധ്യക്ഷത വഹിച്ച ചടങ്ങിൽ കുന്നംകുളം ഭദ്രാസനം യുവജന പ്രസ്ഥാനം വൈസ് പ്രസിഡണ്ട് ഫാ. തോമസ് ചാണ്ടി, കുന്നംകുളം ഭദ്രാസന സെക്രട്ടറി ഫാദർ ജോസഫ് ചെറുവത്തൂർ , സെൻറ് മേരീസ് കത്തീഡ്രൽ വികാരി ഫാദർ ജോൺ ഐസക്ക് സഹവികാരി ഫാദർ ആന്റണി പൗലോസ് , ഭദ്രാസന ബാലസമാജം വൈസ് പ്രസിഡന്റ് ഫാ.ജെറിൻ ജോർജ് യുവജനപ്രസ്ഥാനം ഭദ്രാസന സെക്രട്ടറി ശ്രീ ജിയോ കെ വിൽസൺ, തുടങ്ങിയവർ സംസാരിച്ചു. യുവജനപ്രസ്ഥാനംഭദ്രാസന ജോയിൻറ് സെക്രട്ടറി ജെഹിൻ പി. ജേക്കബ് , ഭദ്രാസന ട്രഷറർ നോബിൻ സി. ജെ , പഴഞ്ഞി സെന്റ്.മേരീസ് കത്തീഡ്രൽ യുവജനപ്രസ്ഥാനം സെക്രട്ടറി ഡെസ്വിൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു....

# ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ വയനാട് സ്പെഷ്യൽ പാക്കേജ്

പരിശുദ്ധ ബാവ തിരുമേനിയുടെ കൽപ്പന പ്രകാരവും ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ.ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ നിർദ്ദേശവും അനുസരിച്ച് ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനം ആവിഷ്കരിച്ച വയനാട്ടിലേക്കുള്ള പ്രത്യേക പാക്കേജിന്റെ ആദ്യ തുക സ്വീകരണം ഇന്ന് ബഥേൽ അരമനയിൽ വച്ച് ആറാട്ടുപുഴ സെന്റ്.മേരിസ് ഇടവകയുടെയും, ഉള്ളന്നൂർ സെൻറ് ജോർജ് ചെറിയ പള്ളി ഇടവകയുടെയും യുവജന പ്രസ്ഥാന പ്രവർത്തകരുടെ നേതൃത്വത്തിൽ സമാഹരിച്ച് ആദ്യ തുക ഇടവക മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായിക്ക്, അങ്കമാലി ഭദ്രാസന അധിപൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായുടെ സാന്നിധ്യത്തിൽ കൈമാറുകയുണ്ടായി.

സഭ വൈദിക ട്രസ്റ്റി ഡോ. തോമസ് വർഗീസ് അമ്മയിൽ



അച്ചൻ, ഭദ്രാസന സെക്രട്ടറി പി കെ കോശി അച്ചൻ, സഭ അല്മായ ട്രസ്റ്റി ശ്രീ റോണി വർഗീസ് എബ്രഹാം, യുവജനപ്രസ്ഥാനം ഭദ്രാസന വൈസ് പ്രസിഡന്റ് മോൻസി കടവിൽ അച്ചൻ, ഭദ്രാസന ട്രഷറർ റോബിൻ സാമുവൽ റോയ്സ്,ഡിസ്ട്രിക്ട് സെക്രട്ടറിമാരായ ജോജോ ജോസഫ് മെബിൻ മാത്യു, ഭദ്രാസന കമ്മിറ്റിയംഗം അമൽരാജ്, ജൊഹാൻ ജോസഫ് എന്നിവർ പങ്കെടുത്തു

# ORTHODOX CHRISTIAN YOUTH MOVEMENT
# OCYM PRAVASI CELL

## OCYM PRAVASI CELL CONTACT NUMBERS



### OCYM CENTRAL COMMITTEE OFFICE BEARERS



Dr. GEEVARGHESE MAR YULIOUS
OCYM PRESIDENT

Rev. Fr. SHIJY KOSHY
OCYM VICE PRESIDENT
+919496466192

Rev. Fr. VIJU ELIAS
GENERAL SECRETARY
+9194475 07880

Mr. PEARL KANNETH
OCYM TREASURER
+919946291947

### CENTRAL CO-ORDINATORS



Rev. Fr. AJI KARATT
+91 94963 67840

Mr. ANTO ABRAHAM
+971 555468982

### EUROPE / OCEANIA / CANADA



Mr. GEORGE JOSE (JIJI)
EUROPE CO-ORDINATOR
+393755169640

Mr. RAJIN V. PAULOSE
OXFORD, UK
+447467529032

Mr. BAIJU KURIAKOSE
BIRMINGHAM, UK
+447903736235

Mr. DEEPAK THOMAS
BIRMINGHAM, UK
+447940150363

Mr. LINZ AYANADAN
LIVERPOOL, UK
+447951074897

MR. JAIC GEORGE
OXFORD, UK
+447979731738



Mr. ROSH BABU
MALTA
+35699316760
+9186064 37434

Mr. SHAJI P JOHN
IRELAND
+353871268956

Mr. MANU JOHN
BELGIUM
+33695309418

Mr. THOMAS MATHEW (JOMON)
AUSTRALIA
+61450188 583

Mr. ANU PAUL
CANADA
+12894073064

### GULF COUNTRIES



Mr. PHILIP N THOMAS
+971555941772

Mr. DENNY BABY
U.A.E
+971558614664

Mr. BENSON BABY
U.A.E
+971558877315

Mr. SHAIJU YOHANNAN
U.A.E
+971563751410

Mr. JOMON GEORGE KOTTAVILA
KUWAIT
+96560792693

Mr. K.C. BIJU
KUWAIT
+96597294011



Mr. ARUN THOMAS
KUWAIT
+96567052617

Mrs. ANI BINU
KUWAIT
+96565836578

Mr. SANTHOSH YOHANNAN
QATAR
+97450049973

Mr. LAINU GEORGE MATHEW
QATAR
+97466627314

Mr. ANISH JOHN THOMAS
QATAR
+97474454734

Mr. MAX MATHEWS
BAHRAIN
+97339638036



Mr. SOJI GEORGE
BAHRAIN
+97336976707

Mr. JINU CHERIYAN
BAHRAIN
+97332215518

Mr. AJI CHACKO PARAYIL
BAHRAIN
+97335991856

Mr. VARGHESE JOY NAZARETH
SAUDI ARABIA
+966546318744
+966539213182

Mr. MANOJ MATHEW
JIDDHA
+966564131736

Mr. MATHEW MEZHUVELI
OMAN
+968 99656841

JPGSBY@9744686596

### INDIA



Mr. C P MATHEW
ADVISOR
+917907871390

ADV. ROBIN RAJU
INDIA CO-ORDINATOR
DELHI
+91 9910940402

Mr. SHIJU DANIEL
DELHI
+919999815348

Mr. ABIN JACOB
BRAHMAVAR
+917025945822

BETTINA
BOMBAY
+919820871765

Dr. AIPPURU JOHN
CALCUTTA
+919584886644

Mr. ABHISHEK JOHN
AHMEDABAD
+919925556810

Mr. JERRIN JAMES
BANGALORE
+919686530428

SHERIL MARIAM JOY
MADRAS
+919444366424

Contact: +971555468982 | +919447441934
ocympravasicell@gmail.com | www.ocymonline.org




Printed and Published by : H.G. Dr. Geevarghese Mar Yulios Metropolitan on behalf of President OCYM, St. Thomas Bhavan, Kottayam - 1
Head Office : St. Thomas Bhavan, Chungom, Kottayam. Phone : 0481 2583997
Printed at : Glamour Offset Printers, Kunnamkulam, Layout : Spectra Designers Kunnamkulam, Chief Editor : Fr. Luke Babu,Publisher : Binu Pappachan